# നിറവ്

# നിറവ്

**പ്രസിദ്ധീകരിക്കുന്നത്**

ലിറ്റിൽ കൈറ്റ്സ് സി.ബി.എം ഹൈസ്കൂൾ നൂറനാട്

## പ്രിയ സ്നേഹിതരെ,

അറിവിന്റെ സുന്ദര വിഹായസ്സിന്
അതിരുകലില്ല..........
ആ വിശാലമായ ലോകത്തിലെ ചെറിയ
നക്ഷത്ര തിളക്കങ്ങൾ പോലും നമ്മിൽ
മാസ്മര ചിന്തകൾ ഉണർത്തും.....
പുത്തൻ സാങ്കേതികതയുടെ പടവുകൾ
ചവുട്ടിക്കയറുമ്പോഴും ഗ്രാമീണതയുടെ
നനുത്ത ഓർമ്മകളും  തിരക്കൊഴിഞ്ഞ
പ്രഭാതങ്ങളിലെ സൂര്യന്റെ
പൊൻകിരണങ്ങളും ഉള്ളിലൊതുക്കാൻ
ശ്രമിക്കുന്ന ഒരു തലമുറ നമുക്ക് മുൻപേ
നടക്കുന്നുണ്ട് ...........
അത്തരത്തിലുള്ള ശ്രമങ്ങളുടെ ഒരു
പൂർണ്ണതയാണ് ഇവിടെ ഡിജിറ്റൽ
മാഗസിനായി പിറവി എടുക്കുന്നത്.....
വായനക്കാരുടെ നിർദ്ദേശങ്ങളും
അഭിപ്രായങ്ങളുമാണ് ഇതിന്റെ പരിപൂർണ്ണത
എന്ന തിരിച്ചറിവോടെ

**ലിറ്റിൽ കൈറ്റ്സ്**

# ഉള്ളടക്കം


നീ കാത്തിരിക്കണം..........................കഥ.............................................5
ഒരു സ്വപ്നത്തിന്റെ പുള്ളിച്ചിറക്..... കഥ............................................6
കഴുതയും കുതിരയും........................കവിത.........................................7
കൂടുമ്പോൾ ഇമ്പം ഉള്ളതാണ് നീ കവിത........................................8
ചിത്രം....................................................................................................9
മലമ്പാമ്പിനെ തോൽപ്പിച്ച സ്ത്രി കഥ.............................................10
ഒരു ജന്മം...........................................കഥ.............................................11
ചിത്രം....................................................................................................12
അമ്മ ...................................................കവിത.........................................13
കുട്ടിക്കാലം .......................................കവിത.........................................13
ഉണ്ണിയുടെ കളികൾ .........................കവിത.........................................13
കുസൃതിചോദ്യങ്ങൾ ..........................................................................14
തീവണ്ടി .............................................കവിത.........................................15
ചിത്രം....................................................................................................16
വിശപ്പ് ...............................................കവിത.........................................17
ചിത്രം....................................................................................................18
കുഞ്ഞാറ്റകുരുവിയും കൊമ്പനാനയും കഥ......................................19
പണക്കൊതി ആപത്ത് ...................കഥ.............................................20
അത്തം പത്തോണം .......................കവിത.........................................21
പ്രകൃതിയുടെ ചിന്തകൾ .................കവിത.........................................22
സദ്യ ..................................................കവിത.........................................23
മനസ്സിന്റെ മോഹം ..........................കവിത.........................................23
നമ്മുടെ സ്വർഗ്ഗം ..............................കവിത.........................................23
പ്രകൃതിയടെ വസന്തം ....................കവിത.........................................24
കൊല്ലപണിക്കാരനും തേന്മാവും കഥ ............................................25
പുസ്തകം ...........................................കവിത.........................................26
സൗഹൃദം ..........................................കവിത.........................................27
എന്റെ സ്വന്തം തേന്മാവ് .................കവിത.........................................28
കാട്ടു നീതി .......................................കഥ.............................................29
തെങ്ങ് ...............................................കവിത.........................................31
പ്രകൃതി എത്ര സുന്ദരം ....................കവിത.........................................31

# നീ കാത്തിരിക്കണം...

ഹൻസലാഹ് .ടി

നീ  അറിയാതെ നിന്നെ ഒരുപാട്
സ്നേഹിക്കണം മതിവരുവോളം
ഒരു നോക്കിലൂടെയോ വാക്കിലൂടെയോ
ഒരിക്കലും നിന്നെ അറിയിക്കില്ല
പ്രണയിക്കും ചങ്കിൽ
ജീവനുള്ളിടത്തോളം കൂടെക്കൂട്ടണം
നിന്നോർമകളെ കല്ലറയിലേക്ക്
എൻ കാലശേഷം നീ അറിയണം
എന്റെ സ്നേഹം
കാലം എന്റെ ഡയറിക്കുറിപ്പുകളായ്
നിന്നെയതറിയിക്കും
കരയണം നീ ചങ്കുപൊട്ടി
താങ്ങായ് ഞാനെത്തും ഒരു മഴയായ്
നിന്നരികിൽ, നനയണം എന്നിൽ
ഒടുവിൽ ആ ദിനം നിന്നെയും തേടിയെത്തും
ഞാൻ
നീ കാത്തിരിക്കണം ആ ദിനത്തിനായ്

# ഒരു സ്വപ്നത്തിന്റെ പുള്ളിച്ചിറക്

അഭിരാമി 9E

മിഥുന എന്ന ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവൾ വളരെ സാധാരണപ്പെട്ട കുടുംബത്തിലെ പെൺകുട്ടിയായിരുന്നു. അവളുടെ അച്ഛൻ ഒരു കൂലിപ്പണിക്കാരനായിരുന്നു. അവളുടെ അമ്മ ഒരു സാധാരണ വീട്ടമ്മയുമാണ്. അവൾക്ക് ഒരു ഇളയ സഹോദരിയാണ് ഉള്ളത്. മിഥുന പ്ലസ്സ് ടൂവിന് പഠിക്കുന്നു. അവളുടെ സഹോദരി എട്ടാം ക്ലസ്സിലും ആയിരുന്നു. മിഥുനയ്ക്ക് ഒരു അടുത്ത കൂട്ടുകാരി ഉണ്ടായിരുന്നു.അവളുടെ പേര് പാർവ്വതിയെന്നായിരുന്നു. ഒരു ദിവസം അവർ ഒരുമിച്ച് സ്കൂളിലേക്ക് പോകുകയായിരുന്നു. അപ്പോൾ വഴിയിലൊരു പട്ടിക്കുട്ടിയെ കണ്ട മിഥുന അതിനെ വാത്സല്യത്തോടെ കൈയ്യിലെടുത്തു. അതിനോട് അമിതമായ വാത്സല്യം തോന്നിയ മിഥുന അതിനെ കൈയ്യിലെടുത്ത ശേഷം തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. അതിനുശേഷം മിഥുനയുടെ അമ്മ അവൾക്കായി കരുതി വെച്ചിരുന്ന പാൽ അവൾ ആ പട്ടിക്കുട്ടിക്ക് കൊടുത്തു. അവൾ അതിനെ തിരിച്ചുവിട്ടശേഷം സ്കൂളിലേക്ക് മടങ്ങിപ്പോയി.

കുറച്ചു മാസങ്ങൾക്ക് ശേഷം, മിഥുന ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ അവളുടെ സ്കൂളിലെ അദ്ധ്യാപിക വന്ന് അവളെ വെളിയിലേക്ക് വിളിച്ചു. അവളോട് പറഞ്ഞു അവളുടെ അമ്മ ഒരു വാഹനാപകടത്തിൽ കൊല്ലപെട്ടു എന്ന വിവരം.അത് കേട്ട അവൾ നിശബ്ദയായി നിന്നു. താൻ നിസ്സഹായതയുടെ പടുകുഴിയിലേക്ക് വീണുപോകുന്ന അവസ്ഥ അവൾ തിരിച്ചറിഞ്ഞു.അങ്ങനെ അവൾ വളരെ സങ്കടത്തോടെ വിട്ടിലേക്ക്നടന്നു. തന്റെ അനുജത്തിയുടെ തുടർന്നുള്ള വിദ്യാഭ്യാസത്തെക്കുറിച്ചോർത്ത് അവൾ അവളുടെ പഠനം നിർത്തി. അങ്ങനെ മാസങ്ങൾ കടന്നുപോയി, വർഷങ്ങൾ കടന്നുപോയി. മിഥുനയ്ക്ക് ഇരുപത് വയസ്സ്, അവളുടെ സഹോദരിക്ക് പതിനാറ് വയസ്സ്, ഇപ്പോൾ പ്ലസ്സ് വൺ വിദ്യാർത്ഥിനി ആണ്.ഒരു ദിവസം മിഥുനയുടെ വീട്ടിലേക്ക് കുറച്ച് ചാരിറ്റി അംഗങ്ങൾ കടന്നു വന്നു.അവർ മിഥുനയുടെ അച്ഛനോട് മിഥുനയുടെയും അവളുടെ സഹോദരിയുടെയും പഠനത്തെക്കുറിച്ച്

സംസാരിച്ചു. രണ്ട് പെൺകുട്ടികളും പ്ലസ്സ് ടൂ പരീക്ഷ എഴുതി പാസ്സാവുകയാണെങ്കിൽ തുടർന്നുള്ള പഠന ചിലവുകൾ അവരുടെ ചാരിറ്റി വഹിക്കാം എന്ന് ഏൽക്കുകയും ചെയ്യുന്നു. അങ്ങനെ മിഥുന പ്ലസ്സ് ടൂ പരീക്ഷ പാസ്സാകുകയും ഐ എ എസ്സ് ഓഫീസർ ആകുകയും എന്നത് അവളുടെ സ്വപ്നമായിരുന്നു. ആ സ്വപ്നത്തെക്കുറിച്ച് ചാരിറ്റിയിലെ അംഗമായ ഒരു പെൺകുട്ടിയോട് പറയുകയും അവൾ മറ്റ് അംഗങ്ങളുമായി ചർച്ചചെയ്ത് അവളെ ഐ.ഏ.എസ് എന്നതിനു വേണ്ടിയുള്ള ഉപരിപഠനത്തിന് അവളെ അയക്കാൻ തീരുമാനിക്കുകയും ചെയ്തു. ഒരു വർഷത്തിന് ശേഷം അവളുടെ അനിയത്തിയും പ്ലസ് ടൂ എഴുതി പാസാകുകയും അവളുടെ സ്വപ്നം ഒരു എം.ബി.ബി.എസ് ഡോക്ടറാകും എന്നതായിരുന്നു അവളെ അതിനുള്ള ഉപരിപഠനത്തിന് അയക്കുകയും ചെയ്തു. കുറച്ച് വർഷത്തെ പരിശ്രമത്തിനു ശേഷം മിഥുന തന്റെ സ്വപ്നത്തിലേക്ക് കുതിച്ചുകയറി അങ്ങനെ മിഥുന ഐ.എ.എസ് ആയി മാറി. പിന്നീട് അവരുടെ കുടുംബത്തിന് സന്തോഷത്തിന്റെ നാളുകളാണ് കടന്നുപോയത്.

കുസൃതി ചോദ്യങ്ങൾ ഉത്തരങ്ങൾ

1.കടലാമ

2.Assassination

3.Orginality

4. 1

5. 20

6. 5

## കഴുതയും കുതിരയും

ഒരു കൃഷിക്കാരന് ഒരു കുതിരയും കഴുതയും ഉണ്ടായിരുന്നു. കഴുതയേക്കാൾ ആരോഗ്യവാനായിരുന്ന കുതിര അഹങ്കാരിയും സ്വാർത്ഥനുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം കൃഷിക്കാരൻ നെല്ലുവിക്കാൻ തീരുമാനിച്ചു.നെല്ല് ചാക്കുകളിൽ നിറച്ച് കഴുതയുടെയും കുതിരയുടെയും മുകളിൽ വെച്ച് ചന്തയിലേക്ക് യാത്ര തിരിച്ചു.വഴിമദ്ധ്യേ നടക്കാൻ ബുദ്ധിമുട്ട് തോന്നിയ കഴുത അഹങ്കാരിയായ കുതിരയോട് പറഞ്ഞു- "ചങ്ങാതി,നീ എന്റെ കുറച്ച് ചാക്കുക്കെട്ടുകൾ എടുത്ത് എന്നെ സഹായിക്കണം".എന്നാൽ അഹങ്കാരിയായ കുതിര കഴുതയുടെ വാക്കുകൾ കാതോർത്തില്ല.കുറച്ചു ദൂരം കൂടി പോയപ്പോൾ കഴുത തളർന്നു വീണു.അതു കണ്ട കൃഷിക്കാരൻ എല്ലാ ചാക്കു കെട്ടുകളും കഴുതയേയും കുതിരയുടെ മുകളിൽ വച്ച് വീണ്ടും യാത്രയായി.

By
ATHULYA.L
9E


# കൂടുമ്പോൾ ഇമ്പം ഉള്ളതാണു നി....

സനിക VIII E

അമ്മയായിരുന്നെന്റെ കൂട്ടുകാരി
അച്ഛനായിരുന്നെന്റെ ദൈവം
കൊച്ചനുജത്തിയാണെന്റെ ജീവൻ
അമ്മയും അച്ഛനും കൊച്ചനുജത്തിയും
ആണെന്റെ ലോകം.....

പേടിപ്പിക്കുന്നോരോ ദുർവിചാരങ്ങളെ
കളിയായി പറഞ്ഞെന്നെ കളിപ്പിച്ചതും
കൂരിരുട്ടായെൻ മിഴികളിൽ വെളിച്ചം
നിറച്ചതും നീയെ....

പിച്ചവെച്ചനാൾ മുതൽതന്നെ എൻ
കൈത്താങ്ങായി നിന്നതും നീയേ....
എന്റെ എല്ലാമായതും നീയേ.....


Name:- Amaljith.M
class VIII J

# മലമ്പാമ്പിനെ തോൽപ്പിച്ച സ്ത്രീ

നന്ദന.പി.പിള്ള 8E

സോമനും,ശശിയും സഹോദരന്മാരായിരുന്നു. ധൂർത്തനായ സോമൻ ധൂർത്തടിച്ച് തന്റെ സ്വത്ത് മുഴുവൻ മുടിച്ചു.ഒടുവിൽ പട്ടിണി മാത്രം കൂട്ടായി. പട്ടിണി കൊണ്ട് വലഞ്ഞപ്പോൾ ഭാര്യയോടൊപ്പം നാടുവിട്ടു. യാത്രാചിലവിനുള്ള പണം പോലും ശശി കൊടുത്തില്ല.

നാടായനാടും,കാടായകാടും അലഞ്ഞുതിരിഞ്ഞ് അവർ ഒരു മലഞ്ചെരിവിലെത്തി. അവിടെവെച്ച് വിശന്നു വലഞ്ഞ ഒരു മലമ്പാമ്പ് സോമനെ വിഴുങ്ങി. അതുകണ്ട് അയാളുടെ ഭാര്യ നിലവിളിച്ചു. കരച്ചിൽ കേട്ട് മലമ്പാമ്പ് ചോദിച്ചു.

"എടി പെണ്ണേ നീ എന്തിനാ കരയുന്നേ?."

" അയ്യോ! ഇനി എങ്ങനെ ജീവിക്കുമെന്നോർത്തിട്ട് എന്റെ നെഞ്ച് പൊട്ടുന്നു" അവൾ മറുപടി പറഞ്ഞു

"എങ്കിൽ ഞാൻ നിനക്കൊരു ഭിക്ഷാപാത്രം തരാം. നീ ഭിക്ഷതെണ്ടി ജീവിച്ചോളൂ."

പാമ്പ് ഉപദേശിച്ചു.

"പക്ഷെ , ആരാണെനിക്കൊരു ഭിക്ഷ തരിക. ഞാൻ വെറുമൊരു സ്ത്രീയല്ലേ?"

അവർ ചോദിച്ചു.

"സ്ത്രീയായ നിനക്ക് ചോദിക്കുന്നതെന്തും ദാനം കിട്ടും. അഥവാ നൽകാതിരുന്നാൽ അവന്റെ തല കഷ്ണങ്ങളായി പൊട്ടിച്ചിതറും."

പാമ്പ് അവളെ അനുഗ്രഹിച്ചു.

ഉടനെ ആ സ്ത്രീ ആദ്യത്തെ ഭിക്ഷയ്ക്കായി പാമ്പിന്റെ നേർക്കു തന്നെ കൈ നീട്ടി.

"നിനക്കെന്തു വേണം?"പാമ്പ് ചോദിച്ചു.

"എനിക്കെന്റെ ഭർത്താവിനെ ഭിക്ഷയായി നൽകണം" .അതുകേട്ട മലമ്പാമ്പ്നടുങ്ങി. അവൻ അപ്പോൾ തന്നെ വളരെ പാടുപെട്ട് അവളുടെ ഭർത്താവിനെ പുറത്തേക്കു ഛർദ്ദിച്ചിട്ടു.

# ഒരു ജന്മം

അമൃത .എ
9E

അനുവും, അമ്മയും, അച്ഛനും, കൊച്ചനുജനും കൂടി ഒരു ചെറിയ വീട്ടിലാണ് താമസിക്കുന്നത്. അച്ഛന്റെ ജോലിയാണ് അവർക്ക് ഏകയുള്ള വരുമാനം, അതും തുച്ഛമായ വരുമാനം. അതിനിടയിലാണ് അവർക്കിടയിലേക്ക് ഒരു അതിഥിയെപോലെ രോഗം കടന്നുവരുന്നത്. കീമോയ്ക്ക് ശേഷം ഉള്ള മരുന്നിനെല്ലാമായി അനുവിന്റെ അച്ഛൻ ഒരുപാട് വലഞ്ഞു. ഒടുവിൽ വീടിന്റെ ആധാരം തന്നെ പണയം വെക്കേണ്ടിവന്നു . വരാന്തയിലൂടെ അവൾ പുറത്തേക്കു നോക്കിയപ്പോൾ കുട്ടികളെല്ലാം സ്കൂളിൽ പോകുന്നു. ഇരുവശവും പിന്നിക്കെട്ടിയുള്ള പെൺക്കുട്ടികളുടെ യാത്ര അവളെ വല്ലാതെ വേദനിപ്പിച്ചു. കീമോയ്ക്ക് ശേഷം അവളുടെ മുടിയെല്ലാം പോയി. എങ്ങനെയാണ് വ്യാധി തന്നെ കെട്ടിമുറിക്കിയതെന്ന് അവൾക്ക് അറിയില്ല. തന്റെ ജന്മം അച്ഛനെയും അമ്മയെയും കഷ്ട്ടപെടുത്താനാണ് എന്ന് അവൾ സ്വയം ചിന്തിച്ചു തുടങ്ങി. ഒരുപാട് പേർ അവൾക്ക് സഹായഹസ്തങ്ങൾ നൽകിയെങ്കിലും അവർ എല്ലാം കാൻസർ എന്ന രോഗം ബാധിച്ച കുട്ടിയോടും, അവളുടെ മാതാപിതാക്കളോടും ഒരുപാട് അകൽച്ചയാണ് മറ്റുള്ളവർ പ്രകടിപ്പിക്കുന്നത്. ഈ അകൽച്ചയും അവളെ ഏറെ വേദനിപ്പിച്ചു. സ്കൂളിൽ പോകാൻ കഴിയാത്തതും അവളെ ഏറെ പ്രയാസപ്പെടുത്തി. തനിക്ക് പോകാൻ കഴിയില്ല എന്ന് അവൾ മനസ്സിൽ ഉറപ്പിച്ചു.ആവേദനയോട് സമനയിപ്പിക്കാൻ കഴിയാത്തതാണ് അസുഖത്തിന്റെ വേദന . മരുന്നുകൾ കഴിച്ച് അവൾ മടുത്തു. അച്ഛന്റെ വേതനം കൂടി തികയാതെ വന്നപ്പോൾ അമ്മയും മറ്റ് ജോലികൾ ചെയ്യാൻ തുടങ്ങി. വീട്ടിലെ കിടക്കയിൽ മനസ്സ് തളർന്ന് ഉറങ്ങുകയാണ് പതിവ്. ആധാരം തിരികെ എടുക്കണമെങ്കിൽ എടുത്ത പണത്തേക്കാൾ ഇരട്ടി നൽകണം. അസുഖം ഏകദേശം ഭേദപെട്ടു തുടങ്ങി. സ്കൂളിൽ പോകണമെന്ന് ആഗ്രഹവും ഉണ്ട്. പക്ഷേ, അതൊരു സ്വപ്നമാകുകയാണ് അവൾക്ക്. ഈ കടത്തിന് ഇടയിൽ അവളെ സ്കൂളിലേക്ക് പറഞ്ഞ് അയക്കാൻ അനുവിന്റെ മാതാപിതാക്കൾക്ക് കഴിയുന്നില്ല. ഒടുവിൽ അനുവിന്റെ പ്രീയപ്പെട്ട കൂട്ടുകാരി അവളെ കാണാൻ വീട്ടിൽ വന്നു. ആ കൂട്ടുകാരി ധനികനായ പിതാവിന്റെ മകളാണ്. ചെല്ലുമ്പോൾ തന്നെ തന്റെ കൂട്ടുകാരിയായ നിത്യയെ കെട്ടിപ്പിടിച്ചു. അവൾ എല്ലാ കാര്യങ്ങളും കൂട്ടുകാരിയോട് പങ്കുവെച്ചു. അവസാനം നിത്യ തന്റെ പിതാവിന്റെ സമ്മതത്തോടെ അനുവിനെ തന്റെ കൂടെ സ്കൂളിലേക്ക് കൊണ്ടു വരാൻ തയ്യാറെടുത്തു. ഇതറിഞ്ഞ അനുവിന്റെ മാതാപിതാക്കൾക്ക് സന്തോഷം തോന്നി. ഒടുവിൽ രണ്ടു പേരും ഒന്നിച്ച് സ്കൂളിലേക്ക് പോയി. സ്കൂളിൽ എത്തിയപ്പോൾ ഏവരും അവളെ സ്നേഹത്തോടെ സ്വീകരിച്ചു. ക്ലാസിൽ എത്തിയപ്പോൾ ക്യാൻസർ എന്ന രോഗത്തെ തടയാനുള്ള എല്ലാവിധ മുൻകരുതലുകളും ടീച്ചറോടൊപ്പം അനുവും മറ്റു കുട്ടികളും ചെയ്തു തുടങ്ങി. ഇനി ആർക്കും ഇതുപോലൊരു രോഗം പിടിപെടല്ലെ എന്ന് അനു ചിന്തിച്ചു.


By: Devipriya.S
VIII:E

# അമ്മ

മിദുല . ജി
8 F

മാരിവില്ലിന്റെ അഴകോടു ചമയുന്ന മാനസ്സമാണെന്റെ അമ്മ
ജീവിതത്തിൽ താങ്ങും തണലുമായി പോറ്റി വളർത്തുന്നൊരമ്മ
ജീവിതമെന്ന പുസ്തകതാളിൽ തണലായി തളരാത്തൊരമ്മ
കണ്ണെത്താ ദൂരത്ത് നിന്ന് അകലുമ്പോൾ മാടിവിളിക്കുന്നൊരമ്മ
കാർമേഘങ്ങൾ കൊണ്ടെത്തിക്കുന്ന പേമാരി പോലൊരമ്മ
അമ്മയാണെന്റെ സ്വർഗ്ഗം സ്വർഗ്ഗമാണെന്റെ അമ്മ.

## കുട്ടിക്കാലം

**സാന്ദ്ര**
**8 എഫ്**

**മഞ്ഞുതുള്ളികൾ വീഴും**
**മഞ്ഞുകാലം മനോഹരം!**
**പ്രകാശം നിറഞ്ഞ വേനൽ**
**കാലം മനോഹരം!**

**പുഴകൾ നിറഞ്ഞുകവിയും**
**മഴക്കാലം മനോഹരം!**
**എന്നാൽ കളിയും ചിരിയും**
**പഠനവും നിറഞ്ഞ കുട്ടിക്കാലം**
**അതിമനോഹരം!**

## ഉണ്ണിയുടെ കളികൾ

അക്കു പ്രശാന്ത്
9 ഇ

ഉണ്ണി നീയിന്നെവിടോളിച്ചു
ഒന്നു പറഞ്ഞുതരുവോ
കണ്ണും കെട്ടി നടക്കുന്നു ഞാൻ
നിന്നേത്തേടി, നടക്കുന്നു ഞാൻ

വീടിനു പിറകിൽ നിൽപ്പാണോ!
ചെടികൾക്കിടയിലിരിപ്പാണോ!
കിടപ്പുമുറിയിൽ കട്ടിൽച്ചോട്ടിൽ
ഒളിച്ചുകിടക്കുകയാണെന്നോ!

എവിടെയൊളിച്ചു നടക്കുന്നു നീ
എന്നെ കബളിപ്പിക്കുന്നോ നീ
കണ്ണും കെട്ടി നടക്കുന്നു ഞാൻ
നിന്നെത്തേടി,നടക്കുന്നൂ ഞാൻ

# കുസൃതിചോദ്യങ്ങൾ

1. ഒരു ജീവിയുടെ പേരിൽ നാലക്ഷരമുണ്ട് ആദ്യ രണ്ടക്ഷരങ്ങൾ ചേർന്നാൽ നമ്മൾ പലപ്പോഴും പോകുന്ന സ്ഥലമാകും .ആദ്യ മൂന്നക്ഷരങ്ങൾ ചേർന്നാൽ ഒരു പോഷകാഹാരത്തിന്റെ പേരാകും . നാലക്ഷരവും ചേരുമ്പോൾ ആ ജീവിയുടെ പേരാകും. ഏതാണാജീവി?

2. മുന്നിൽ ഒരു കഴുത അതിനുപിന്നിൽ മറ്റൊരു കഴുത,തൊട്ടുപിറകിൽ ഞാൻ എന്ന വ്യക്തി. അതിനു പിറകിൽ ഒരു രാജ്യം എന്താണത് ?

3. ഒരു g നാല് t ചേർന്ന ഒരു ഇംഗ്ലിഷ് വാക്ക് ഏത് ?

4. 80 വയസ്സ് പ്രായമുള്ള ഒരാൾക്ക് ആകെ എത്ര ജന്മദിനങ്ങൾ ഉണ്ടായിട്ടുണ്ടാവും?

5. 1 മുതൽ 100 വരെ ക്രമത്തിലെഴുതിയാൽ എത്ര 9 ഉണ്ടാകും?

6. നാലു മൂലകളുള്ള ഒരു കടലാസിന്റെ ഒരു മൂല മുറിച്ചു കളഞ്ഞാൽ ബാക്കി എത്ര മൂലകൾ?

ഉത്തരങ്ങൾ അഞ്ചാം പേജിൽ


# തീവണ്ടി

അക്കു പ്രശാന്ത്
9E

ചൂളമടിച്ചു വരുന്നുണ്ടേ
ചീറിപ്പാഞ്ഞു വരുന്നുണ്ടേ
പുകയും വണ്ടി തീവണ്ടി

എന്തൊരു വേഗത ഹാ ഹാ ഹാ
എന്തൊരു നീളം അമ്പമ്പോ
ആളുകളെത്രയുമായാലും
കയറിപ്പറ്റാനിടമുണ്ടേ !

പാളത്തിൻമേലൂടാണല്ലോ
പാഞ്ഞുവരുന്നു തീവണ്ടി
പാളം തെറ്റിമറിഞ്ഞെന്നാൽ
എന്തു ഭീകരമയ്യയ്യോ.


M. S. Sidharth
IX. H
21


Virat Kohli
Ronaldo
Tovino
Mohanlal
Mammooty

# വിശപ്പ്

ഹൻസലാഹ് റ്റി

ഏതോരു മനുഷ്യന്റെയും അടക്കാനാവാത്ത
വികാരങ്ങളിലൊന്നാണത്രെ "വിശപ്പ്"

വിശക്കുന്നുണ്ട് നല്ല വിശപ്പ്....
കണ്ണിലിരുട്ട് കയറുന്നുണ്ട്...
എന്നെ പറഞ്ഞു വിടുകയാണോ....?
എനിക്ക് വിശപ്പ് വന്നു.
എരിയുന്ന വയറിൽ ഞാൻ കൈവെച്ച് നോക്കി...

ദാരിദ്രം വിളയുന്ന പാടങ്ങളിൽ കവിത പൂക്കുന്നതും
വിശപ്പ് പൂക്കുന്നതും ഒരു ചെറുചിരി മിച്ചമാറുന്നതു കാത്ത്...
അനാഥന്റെ പാട്ട് നിങ്ങൾ കേട്ടോ...?
"എന്റെ വിശപ്പ് നിങ്ങൾക്ക് ആഘോഷം...
എന്റെ മണ്ണ് നിങ്ങൾ കവർന്നു...
കണ്ണീരുണങ്ങിയ എന്റെ കണ്ണുകൾ നിങ്ങൾ ചൂഴ്ന്നു...
ഒരിക്കൽ നിങ്ങളെയും എന്റെ മണ്ണ് തിന്നും...
ഏയ് മനുഷ്യാ...നീ, അവസാന
മരവും വെട്ടപ്പെടും....
അവസാന നദിയും വറ്റപ്പെടും...
അന്ന് മനുഷ്യൻ തിരിച്ചറിയും...
പണം വിശപ്പകറ്റുന്നില്ല എന്ന്...
മാപ്പ്... നിന്റെ വിശപ്പ് കാണാത്തതിന്...
മാപ്പ്... നിന്റെ കണ്ണീർ തുടക്കാത്തതിന്...
മകനേ... നിന്നെ തിരിച്ചറിയാൻ വൈകിയത്...
എന്റെ കാട് വിളിക്കുന്നുണ്ട്... എന്റെ മണ്ണും...
ഇനി ഞാനുറങ്ങട്ടെ...

[വിശപ്പ് ദൈവം തന്നതാണ്...അതിന് വേണ്ടി
ഞാൻ പോരാടുകയും ചെയ്യുന്നുണ്ട്...
അതിനിടയിൽ ഞാൻ മരിച്ചാൽ,
ഞാൻ കുറ്റക്കാരനല്ല...]



# കുഞ്ഞാറ്റക്കുരുവിയും കൊമ്പനാനയും

മഞ്ചാടി കുന്നിന്റെ താഴ്വരയിൽ ഒരു പനയോലതുമ്പത്താണ് കുഞ്ഞാറ്റക്കുരുവിയും മക്കളും പാർത്തിരുന്നത് . ദിവസവും കുഞ്ചരൻ എന്നു പേരുള്ള ഒരു കൊമ്പനാന അതു വഴി കടന്നു പോകാറുണ്ടായിരുന്നു. പോകുമ്പോഴും വരുമ്പോഴും അവൻ ആ പന മരം ഒന്നു കുലുക്കും. ഈ സമയത്ത് കൂടിനകത്തെ കുഞ്ഞിക്കുരുവികൾ പേടിച്ച് ഉറക്കെ കരയും. ഇതു പതിവായപ്പോൾ ഒരു ദിവസം കുഞ്ഞാറ്റക്കുരുവി കുഞ്ചരനോട് ചോദിച്ചു.

കൊമ്പനാനെ വമ്പനാനെ , നിനക്ക് വെറുതെയങ്ങ് പോയാൽ പോരെ ? മരം കുലുക്കി എന്റെ കുഞ്ഞു മക്കളെ ഇങ്ങനെ കരയിപ്പിക്കണോ ?

ഈ ചോദ്യം കുഞ്ചരന് രസിച്ചില്ല.

അവൻ പറഞ്ഞു

അമ്പട കേമി, അടയ്ക്കാകുരുവി....

അത്രയ്ക്കായോ എന്റെ കൊമ്പിന്റെ ബലവും വാലിന്റെ ബലവും നീ കണ്ടിട്ടില്ല. ഇപ്പോൾ കണ്ടോളു!. കുഞ്ചരനാന ആ പനമരം കുത്തിമുറിക്കാൻ തുടങ്ങി. ഇതുകണ്ട കുഞ്ഞാറ്റക്കുരുവി ആനയുടെ ചെവിയിൽ കടന്നിരുന്ന് കൊത്താനും മാന്താനും തുടങ്ങി. ഇതോടെ കുഞ്ചരനാന വല്ലാതെ പരിഭ്രമിച്ചു. അവൻ വിരണ്ടുവിരണ്ട് നെട്ടോട്ടമോടി! അവൻ കുഞ്ഞാറ്റകുരുവിയോട് പറഞ്ഞു.

കുഞ്ഞാറ്റക്കുരുവി, പുന്നാരക്കുരുവി, ഞാൻ വേദന കൊണ്ട് പുളയുകയാണ് എന്നെ രക്ഷിക്കണം. ചെവിയിൽ നിന്ന് നീ വേഗം പുറത്തു വരൂ.

ഇല്ലില്ല എന്റെ മക്കളെ ഉപദ്രവിച്ച നിന്നെ ഞാൻ വെറുതെ വിടില്ല. കുഞ്ഞാറ്റക്കുരുവി വിളിച്ചു പറഞ്ഞു.

ഇല്ല കുഞ്ഞാറ്റക്കുരുവി ഞാൻ ഇനി ഒരിക്കലും ഈ വഴിക്ക് വരില്ല വേഗം പുറത്തു വരൂ. കുഞ്ചരനാനയുടെ ആവലാതി കേട്ട് കുഞ്ഞാറ്റക്കുരുവി ചെവിയിൽ നിന്ന് പുറത്തുവന്നു. ആന അവളെ നമസ്കരിച്ചു കൊണ്ട് പറഞ്ഞു

എന്റെ ഓമനക്കുരുവി ഇനിമേൽ നിന്നെയും മക്കളെയും ഞാൻ ഉപദ്രവിക്കില്ല......

# പണക്കൊതി ആപത്ത്

ഷിഫാന. എൻ
9E

നല്ല മഴക്കാലം. മഴ കോരി ചൊരിയുകയാണ്. അതൊന്നും വക വെക്കാതെ വഞ്ചിയൂർക്കാരായ അഞ്ചു ചങ്ങാതിമാർ ഒരു ചെറു വഞ്ചിയിൽ കയറി മഞ്ചാടി പുഴയുടെ അക്കരയ്ക്ക് പോവുകയായിരുന്നു. പുഴയുടെ നടുവിലെത്തിയപ്പോൾ പെട്ടെന്ന് കാറ്റും കോളുമുണ്ടായി. ശക്തിയായ തിരയിലും ചുഴിയിലും പെട്ട് വഞ്ചി മുങ്ങി. പക്ഷെ അവർക്ക് ഒട്ടും പേടി തോന്നിയില്ല.അഞ്ച് പേരും നല്ല നീന്തൽക്കാരായിരുന്നു.അവർ ഒരുമിച്ച്നീന്തി.എന്നാൽ ഒരാൾ മാത്രം തീരെ പിന്നിലായിരുന്നു. മറ്റുള്ളവർക്ക് പരിഭ്രമമായി. എന്താണിത്?. നിനക്ക് നന്നായി നീന്താൻ അറിയാമല്ലോ?. പിന്നെന്താ ഇത്ര പിന്നിലായി പോയത്?. കൂട്ടുകാർ ഉറക്കെ വിളിച്ച് ചോദിച്ചു. എന്റെ കൈയിൽ ആയിരം വെള്ളി രൂപ നിറച്ച സഞ്ചിയുണ്ട്.അത് ഞാൻ അരയിൽ കെട്ടിയിരിക്കുകയാണ്. അതു കൊണ്ടാണ് മുന്നോട്ട് കയറാത്തത് അയാൾ പറഞ്ഞു. എങ്കിലത് വേഗം അഴിച്ച് കളഞ്ഞേക്കു. ഇനിയും കാറ്റും കോളും വന്നേക്കാം. അതിന് മുമ്പ് കരയ്ക്കെത്താൻ നോക്ക് ! കൂട്ടുകാർ മുന്നറിയിപ്പ് നൽകി. ആ പണക്കൊതിയൻ ഒന്ന് തല കുലുക്കുക മാത്രം ചെയ്തു . ഏറെ താമസിക്കാതെ മറ്റുള്ളവർ നീന്തി കര പറ്റി. അവർ തങ്ങളുടെ മറ്റ് കൂട്ടുകാരനെ തിരഞ്ഞു . അവൻ ഇനിയും വളരെ ദൂരത്താണ് . എന്ത് ചെയ്യും? ഒരാൾ പറഞ്ഞു. എടോ മണ്ടാ! ഇതാ കാറ്റും കോളും വീണ്ടും എത്തി കഴിഞ്ഞു. പണസഞ്ചി ഇനിയും അഴിച്ച് കഴിഞ്ഞില്ലേ ?വേഗം കളഞ്ഞില്ലെങ്കിൽ നിന്റെ കഥ കഴിയും . മുങ്ങി ചാവുന്നവന് പണം എന്തിനാ? അവർ ഉച്ചത്തിൽ വിളിച്ച് ചോദിച്ചു. വീണ്ടും തല കുലുക്കിയത് അല്ലാതെ അയാൾ പണ സഞ്ചി കൈവെടിഞ്ഞില്ല. കാറ്റും കോളും വന്നു. രൂപയുടെ ഭാരം കൊണ്ട് കര പറ്റാൻ കഴിയാതെ അയാൾ മുങ്ങി മരിച്ചു അവസരത്തിനൊത്ത് പ്രവർത്തിച്ചില്ലെങ്കിൽ ആരും ആപത്തിൽ കുടുങ്ങും .

# അത്തം പത്തോണം

അഭിരാമി. എം
**9 E**

അത്തം പൂശിയ പൂക്കളുമായി
അത്തം വന്നു മലനാട്ടിൽ
ചെത്തിപ്പൂവിൻ കുമ്പിളുമായി
ചിത്തിര വന്നു പിന്നാലെ,

ചോട്ടുകൾ വെച്ച ചന്തത്തിൽ
പുത്തൻ പുടവയണിഞ്ഞെത്തി
മുത്തുകൾ ചൂടിയ വൈശാഖം,
അടയും പഴവും നേദിക്കാൻ
അനിഴം വന്നഴകോടെ,

തൃക്കാക്കരയിലെഴുന്നെള്ളാൻ
തൃക്കേട്ടയ്ക്കു തിരക്കായി,
ഓടക്കുഴലും പീലിയുമായി
മൂലം വന്നു കുളിരേകാൻ
കുരകൾ തോറും തിരതല്ലി
പൂരാടത്തിന്നാഹ്ലാദം

# പ്രകൃതിയുടെ ചിന്തകൾ

അൻസീന .എ
9E

വിങ്ങുമെൻ ഹൃദയത്തിൻ നോവറിയാൻ ഇനിയാരും
ഇവിടില്ലെന്നറിഞ്ഞനേരം
പിന്നിട്ടവഴികളിൽ ആരും എന്നേ ഒരു
നോക്കു പോലും നോക്കിയില്ല
നല്ലതല്ലാതെ ഈ ലോകർക്ക് ഞാനൊന്നും ഇതുവരെ
ചെയ്തില്ലതാനും
എന്നിട്ടും എല്ലാരും എന്തേ
എന്നുമെന്നോടുമാത്രമീ ക്രൂരതകൾ
എത്രനാൾ ഞാനിതു സഹിക്കും എന്നോർക്കുമ്പോൾ
അറിയാതെ നെഞ്ചുപിടഞ്ഞുപോയി
ഒരുനാൾ ഞാനിതൊക്കെ സഹിക്കാതെവരുമ്പോൾ
എല്ലാരുമെന്നോട് ക്ഷമിച്ചിടണേ
ഞാൻ കലിതുള്ളിവരുമ്പോൾ എന്നെ തടുക്കുവാൻ
കഴിയില്ല ലോകരേ നിങ്ങൾക്ക്
നിർത്തുക നിങ്ങളുടെ ചൂഷണങ്ങൾ അല്ലെങ്കിൽ
ഇനിയെല്ലാം ഒരോർമ്മമാത്രം

## സദ്യ

ആർച്ച സനൽ
9e

പച്ചടി കിച്ചടി നാരങ്ങ
പച്ചരി ചോറും പുളിമോരും
വെച്ചു വിളമ്പാം ഞാനിപ്പോൾ
അച്ഛനുമമ്മയും ഉണ്ണാൻ വാ
വാഴയിലയിൽ വിളമ്പാം ഞാൻ
പാലും പഴവും വേറെ തരാം
ചങ്ങാതികളെ സദ്യക്കായ്
തെങ്ങിൻ തണലത്തോടി വരൂ

## മനസ്സിന്റെ മോഹം

ആദിത്യ. പി
8F

നിർത്താതെ പെയ്യുന്ന
ഈ മഴചാറ്റലിൽ
നനയാൻ കൊതിയാകുന്നു
മഴയിൽ നനയുന്ന ചെടികളുമൊത്ത്
നനയാൻ കൊതിയ്ക്കുന്നു.
മഴയിൽ പറന്ന് രസിക്കുന്ന
പക്ഷികളോടൊപ്പം
പറക്കാൻ കൊതിയാകുന്നു.
ഓ.... ദൈവമെ എന്റെ മനസ്സിന്റെ
മോഹങ്ങൾ നടക്കാൻ
തുണയേക്കണേ.

## നമ്മുടെ സ്വർഗ്ഗം

മീനാക്ഷി
IX.ഇ

കൂട്ടരെ നമ്മൾക്കു കൂട്ടുചേരാം
കിട്ടുന്നതൊക്കെയും പങ്കുവയ്ക്കാം
സ്നേഹത്തോടൊന്നിച്ചു യാത്ര ചെയ്യാം
നന്മയ്ക്കു സമ്മാനവേകുമീശൻ
നമ്മളെല്ലാവരും സ്വന്തമല്ലോ
ഏകപിതാവിന്റെ മക്കളല്ലോ
ഒന്നിച്ചു നിന്നു നാം നന്മ ചെയ്താൽ
ഈ ലോകം നമ്മൾക്കു സ്വർഗ്ഗമാക്കാം
സ്വർഗ്ഗമാണീ ലോകം
നമ്മുടെ നന്മയുടെ സ്വർഗ്ഗമാണീ ലോകം

# പ്രകൃതിയുടെ വസന്തം

- അഭിരാമി . എം

ഞാൻ സ്നേഹിക്കുന്നു
എന്റെ പ്രകൃതിയെ
കാടും പുഴയും മലകളും
കാട്ടുപൂഞ്ചോലകളും വയലുകളും
കളകളം ഒഴുകും
നദികളും നിറഞ്ഞ
എന്റെ പ്രകൃതിയെ
പറന്നു കളികും പൂമ്പാറ്റകളും
വിടർന്നുവരുന്ന പൂവുകളും
ചാടിനടക്കും പുൽച്ചാടികളും
വാനത്ത് പറക്കും പറവകളും
നിറഞ്ഞ എന്റെ പ്രകൃതിയെ
ഞാൻ സ്നേഹിക്കുന്നു
പ്രകൃതി ഒരുക്കും വസന്തകാലം
പ്രകൃതി തന്നൊരു പുന്തേൻകാലം
പ്രകൃതി വസന്തം നമ്മുക്ക് സ്വന്തം
പ്രകൃതി എന്നും നമ്മുക്ക് സ്വന്തം

# കൊല്ലപണിക്കാരനും തേൻമാവും

സജിമി 9

പണ്ടുപണ്ട് ഒരു കൊല്ലപണിക്കാരൻ ഒരു കോടാലി പണിതുണ്ടാക്കി പക്ഷേ അതിന് കൈ ഉണ്ടായിരുന്നില്ല കൈയില്ലാത്ത കോടാലിയും കൊണ്ട് അയാൾ വീടിന്റെ അടുത്തുനിൽക്കുന്ന തേന്മാവിന് പക്കലേക്ക് ചെന്നു എന്നിട്ട് ചോദിച്ചു

"തേന്മാവേ തേന്മാവേ നീ വലിയ ദയാലുവാണല്ലോ എന്റെ കോടാലിക്ക് കൈ ഉണ്ടാക്കാൻ പറ്റിയ ഒരു കൊമ്പ് തരാമോ"

ഓഹൊ തരാമല്ലോ നന്ദിയുള്ള തേന്മാവ് ഉടനെ കോടാലിക്ക് കൈ ഉണ്ടാക്കാൻ പറ്റിയ ഒരു കൊമ്പ് ദാനം ചെയ്തു. കൊല്ലപണിക്കാരനു സന്തോഷമായി അയാൾ അപ്പോൾ തന്നെ ചെത്തിമിനുക്കി ഭംഗിയുള്ള ഒരു കോടാലിക്കൈ ഉണ്ടാക്കി. എന്നിട്ട് മാവ് തന്നെ മുറിക്കാൻ തുടങ്ങി ഇതു കണ്ട് തേന്മാവ് വല്ലാതെ പേടിച്ചു വിറച്ചു ചോദിച്ചു

"കൊല്ലപ്പണിക്കാര കൊല്ലപ്പണിക്കാര ഞാൻ നിനക്ക് വലിയ ഉപകാരം ആണല്ലോ ചെയ്തത് എന്നിട്ടും നീ എന്തിനാണ് എന്നെ വെട്ടിമുറിക്കുന്നത്"

ഇതുകേട്ട് കൊല്ലപ്പണികാരൻ പറഞ്ഞു എനിക്ക് കഞ്ഞിയും കറിയും വയ്ക്കാൻ ധാരാളം വിറക് വേണം അതിനുവേണ്ടി നിന്നെ വെട്ടിമുറിച്ചേ തീരു എനിക്ക് എന്റെ കാര്യമാണ് വലുത്

നന്ദികെട്ട ആ മനുഷ്യന്റെ വാക്കുകേട്ട് തേന്മാവ് വളരെ തളർന്നുപോയി പിന്നെ അതിന് ഒരക്ഷരം മിണ്ടാൻ സാധിച്ചില്ല കൊല്ലപണിക്കാരൻ തേന്മാവിനെ വെട്ടിമുറിച്ച് താഴെയിട്ടു.

ദുഷ്ടന്മാരെ സഹായിക്കുന്നത് നമ്മുടെതന്നെ നാശത്തിന് കാരണമാകും

# പുസ്തകം

ഗായത്രി ലാൽ , പവിത്ര
8E

നീതി പൂർവ്വം സ്മരിക്കുന്നു നിന്നെ,
നീതി പൂർവ്വം വന്ദിക്കുന്നു നിന്നെ
നീയൊന്നിണങ്ങിയാലെന്റെയറിവുകൾ
ആയിരം നക്ഷത്രമായുദിക്കും
നിന്നിലെയറിവുകൾ എന്നിൽ
ജ്വലിക്കുമ്പോൾ എന്നുള്ളിൽ വി-
ടരുമക്ഷരപ്പൂക്കൾ
മൃദുലമാം പുസ്തകതാളുകളിൽ ഞാൻ
ഒരോ ചുവടും നയിക്കുന്നേരം
ഭൂമിമാതാവിനെ ജീവജാലങ്ങളെ
ആഴത്തിൽ കോർക്കുന്ന പുസ്തക-
താളുകൾ
പുസ്കതാളിലെ അക്ഷര മുത്തുകൾ
മഴവില്ല് പോലെ വർണ്ണമേകും

# സൗഹൃദം

മിധുല . ജി
8 F

അമൃതിൽ ചാലിച്ചാൽ ബിംബമാണംന്റെ
സൗഹൃദം

സ്നേഹത്തിൻ പൂഞ്ചോലയായ സൗഹൃദം

ദുഖത്തിൽ തണലായ സൗഹൃദം

ഒരിക്കലും മറക്കാത്ത മുറിവ് പോലൊരു
സൗഹൃദം

മനസ്സിൽ വിങ്ങുന്ന മധുവായ സൗഹൃദം

കണ്ണീർ ഒപ്പുന്ന കരളായ സൗഹൃദം

എന്നെന്നും മറക്കാത്ത സൗഹൃദം

# എന്റെ സ്വന്തം തേന്മാവ്

**ആദിത്യ എസ് നായർ**

മാമ്പഴം വീഴുന്ന കാലമായി

മാഞ്ചോട്ടിൽ കുഞ്ഞുങ്ങൾ കൂട്ടമായി

കാറ്റൊന്നു വീശിയാൽ ഭാഗ്യമായി

മാമ്പഴം കിട്ടാനോട്ടമായി

അപ്പൂപ്പൻ തൈമാവ് നട്ടതാണേ !

അമ്മുമ്മ വെള്ളമൊഴിച്ചതാണേ !

അമ്മ പണ്ട് കളിച്ചതാണേ !

മാമ്പഴമെത്രയോ തിന്നതാണെ !

വെയിലത്ത് പന്തലായ് നിന്നതും നീ

അരികത്തു തേൻപഴം തന്നതും നീ
ഇനിയെത്ര കാലവും നിൽക്കണേ നീ

കനിവിൻ കനിയെങ്ങും നൽകണേ നീ

തേനൂറും മാമ്പഴം നൽകണേ നീ

# കാട്ടുനീതി

കാർത്തിക.പി
9E

കാട്ടിൽ ഉല്ലാസയാത്രക്കിറങ്ങിയതായിരുന്നു മുയൽ. പെട്ടെന്ന് അവന്റെ മുമ്പിൽ ഒരു ആപ്പിൾ പഴം വന്നു വീണു. നാലുപാടും നോക്കി അവൻ അത് എടുത്തു തിന്നാൻ ഭാവിച്ചതെയുള്ളൂ അപ്പോഴേക്കും കുറുക്കൻ ചാടി വീണ് അതെടുത്ത് തിന്നു കളഞ്ഞു. മുയൽ കുറുക്കനെ ഒരുപാട് ചീത്തവിളിച്ചു. അരിശം തീരാഞ്ഞിട്ട് കവിളത്ത് ഒരടിയും കൊടുത്തു. കുറുക്കൻ മുയലിന്റെകവിളത്ത് അതിലേറെ ശക്തിയിലൊന്ന് തിരിച്ചും കൊടുത്തു രണ്ടുപേരുടെയും ബഹളം കേട്ടാണ് ഉടുമ്പ് അത് വഴി വരുന്നത്.' ചങ്ങാതിമാരെ എന്താണ് ഒരു വഴക്ക് ?ഞാൻ കാട്ടിലെ നീതിമാനായ ന്യായാധിപനല്ലേ. നിങ്ങളുടെ പ്രശ്നം എനിക്ക് വിട്ട് തരൂ. ഉടുമ്പ് പറഞ്ഞു

മുയൽ : എനിക്കൊരു ആപ്പിൾപഴം കിട്ടി.

ഉടുമ്പ്: അതിനെന്താ നല്ല രുചിയുള്ളതല്ലേ നീ തിന്നോളൂ

മുയൽ : പക്ഷേ അത് കുറുക്കൻ തട്ടി എടുത്തു തിന്നു

ഉടുമ്പ് : ഓഹോ അതിനെന്താ അവന്റെ കാര്യം അവനും നോക്കി അത്ര തന്നേ.

മുയൽ : അപ്പോൾ അവൻെറ കവിളത്തിട്ട് ഞാനൊരു വീക്ക് കൊടുത്തു

ഉടുമ്പ് : അത് നന്നായി. അവൻെറ കയ്യിൽ നിന്ന് വല്ലതും തട്ടിയെടുക്കുന്ന വനെ വെറുതേ വിട്ടുകൂടാ നീ ചെയ്തത് തികച്ചും ന്യായം

മുയൽ : പക്ഷേ അതിലും ശക്തിയോടെ എന്റെ കവിളത്ത് അവനും അടിച്ചു

ഉടുമ്പ് ; അത് ന്യായം .അന്യന്റെ അടികൊണ്ട് വെറുതെ പോകുന്നവനാണല്ലോ

മുയൽ ; ഞാൻ അടിച്ചതിനെക്കാൾ ശക്തിയിൽ അവൻ എന്നെ അടിച്ചിരിക്കുന്നു

രണ്ടു പേരുടെയും അടി തുല്ല്യമാകാത്തിടത്തോളം നീതി ആകില്ല

ഉടുമ്പ് ; നിങ്ങൾ രണ്ടുപേരും തുല്ല്യരല്ല ഒരാൾ മുയലും മറ്റെയാൾ കുറുക്കനുമാണ്

അതിനാൽ രണ്ടുപേരുടെയും അടി തുല്യമായിക്കൂടാ

മുയൽ :എന്റെ ആപ്പിൾ

ഉടുമ്പ് : നിന്റെ ആപ്പിളോ ? ആപ്പിൾ മരത്തിന്റേതല്ലേ

മുയൽ : ആപ്പിൾ മരം എനിക്ക് എറിഞ്ഞുതന്നതല്ലേ

ഉടുമ്പ് ; നിനക്കോ അതോ കുറുക്കനോ

മുയൽ : എനിക്ക്

ഉടുമ്പ് ; ഈ മുയലിന് കാട്ടിലെ നിയമത്തെക്കുറിച്ച് ഒരു പിടിയുമില്ല. കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്നതാണ് കാട്ടിലെ നിയമത്തിന്റെയും നീതിയുടെയും അടിസ്ഥാനം .ആപ്പിളിന്റെ ഉടമ ആപ്പിൾ മരമാണ് അതിന്റേപക്കൽ നിന്ന് താഴെ വീണ ആപ്പിൾ കുനിഞ്ഞ് എടുക്കാനുള്ള കഴിവ് അതിനില്ല. അതിനാൽ അതിന് ആപ്പിളിന്റെ ഉടമാവകാശം നഷ്ടപ്പെട്ടു. മുയൽ അത് എടുത്തതോട് കൂടി അതിന്റെഉടമാവകാശം അവന് കിട്ടി. കുറുക്കനിൽ നിന്ന് അത് തിരിച്ച് വാങ്ങാൻ മുയലിന് കഴിയാതെ വന്നതോട് കൂടി അതിന്റെ ഉടമസ്ഥാവകാശം മുയലിന് നഷ്ടപ്പെടുകയും കുറുക്കന് കൈ വരുകയും ചെയ്തു. ഉടുമ്പ് അതിന്റെ വിധി ന്യായം മുയലിനെ വായിച്ചു കേൾപ്പിച്ചു.

കുറുക്കൻ അതോർത്ത് ചിരിച്ചും മുയൽ കണ്ണീർ വാർത്തും സ്ഥലം വിട്ടു.

## തെങ്ങ്

അപർണ്ണ എസ്സ് നായർ
9 E

നല്ലവർക്കല്പം സഹായം ചെയ്താൽ
എന്നെന്നും അവർ നന്മ ചെയ്യും
കല്പവൃക്ഷമെന്ന് പേരുക്കേട്ടോരക്കരെ
വൃക്ഷത്തെയോർത്തുനോക്കു

തൈവെച്ച കാലത്തു നല്ലപോലെ
തേവിനനച്ചതുമോർമ്മയുണ്ട്
അന്ത്യമെത്തും വരെയുമമൃതുപോലെ
ഫലങ്ങൾ പേറുമാ കേരവൃക്ഷം

## പ്രകൃതി എത്ര  സുന്ദരം

അൽഷിഫ   8f

പ്രകൃതി എത്ര സുന്ദരം
വശ്യ മനോഹാരിതം
വിശ്യവർണ്ണ സാഗരം
പ്രകൃതി എത്ര സുന്ദരം

ഋതുക്കൾ തൻ വിസ്മയം
നൽകീടും പ്രക്രതി
നിൻ സ്നേഹലാവണ്യമാസ്വദിക്കും
ഞാൻ എത്ര ഭാഗ്യവതി